**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **07-07-2022 - ൽ മറുപടിയ്ക്ക്**

**സൗര പദ്ധതിയും അനർട്ട് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. അനർട്ട് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.എൽ-ഉം, അനർട്ടും സോളാർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോൽപ്പാദനം വഴി അധിക വൈദ്യുതി സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണ് സൗരപദ്ധതി.<br><br>സൗരപദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താ ക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് ഫേസ് I നോൺ സബ്സിഡി പദ്ധതി. ഈ പദ്ധതിയിൽ 21.4 MW ന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.<br><br>സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി MNRE യുടെ (കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതാണ്. ഈ പദ്ധതിയിൽ 1 KW മുതൽ 3 KW വരെ 40% സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% സബ്സിഡിയും തുടർന്നുള്ള ഓരോ KW ന് 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 KW ന് മുകളിൽ സബ്സിഡിയില്ല. ഈ പദ്ധതി പൂർണ്ണമായും ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്.<br><br>ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW ന് മുകളിൽ 500 KW വരെ 20 % സബ്സിഡി അനുവദിക്കുന്നുണ്ട്.<br><br>സൗര സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 MW ന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു.<br><br>ആകെ സൗരപദ്ധതിയുടെ കീഴിൽ 61.86 MW ശേഷിയുടെ 12867 നിലയങ്ങൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | ഇതിൽ 41.19 MW ന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 26 പേരിൽ നിന്ന് ആകെ 107 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഇതുവരെ ലഭിച്ചു. ഇതിൽ 14 വീടുകളിലായി 60 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തിയായി. |
| (ബി) | ഗാർഹിക സൗരോർജ്ജ ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന സൗര പദ്ധതിയുടെ വിശദാംശം നൽകുമോ? | (ബി) | കെ.എസ്.ഇ.ബി.എൽ-ഉം, അനർട്ടും സോളാർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോൽപ്പാദനം വഴി അധിക വൈദ്യുതി സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണ് സൗരപദ്ധതി.<br><br>സൗരപദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താ ക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് ഫേസ് I നോൺ സബ്സിഡി പദ്ധതി. ഈ പദ്ധതിയിൽ 21.4 MW ന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.<br><br>സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി MNRE യുടെ (കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതാണ്. ഈ പദ്ധതിയിൽ 1 KW മുതൽ 3 KW വരെ 40% സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% സബ്സിഡിയും തുടർന്നുള്ള ഓരോ KW ന് 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 KW ന് മുകളിൽ സബ്സിഡിയില്ല. ഈ പദ്ധതി പൂർണ്ണമായും ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്.<br><br>ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW ന് മുകളിൽ 500 KW വരെ 20 % സബ്സിഡി അനുവദിക്കുന്നുണ്ട്.<br><br>സൗര സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 MW ന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു.<br><br>ആകെ സൗരപദ്ധതിയുടെ കീഴിൽ 61.86 MW ശേഷിയുടെ 12867 നിലയങ്ങൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | ഇതിൽ 41.19 MW ന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 26 പേരിൽ നിന്ന് ആകെ 107 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഇതുവരെ ലഭിച്ചു. ഇതിൽ 14 വീട്ടുകളിലായി 60 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തിയായി. |

സെക്ഷൻ ഓഫീസർ